സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.9266/2016/S.

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
05/08/2022

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- കോട്ടയം ഗ്രൂപ്പിലെ തിരുവാർപ്പ് ദേവസ്വം മേൽശാന്തി നിയമനം സംബന്ധിച്ച്.

സൂചന:- 1) ഈ ആഫീസിലെ **05/07/2022-ലെ മേൽ നമ്പർ ഉത്തരവ്.**
2) ശ്രീജിത്ത് നമ്പൂതിരി, ശ്രീ.വേണുനമ്പൂതിരി, ശ്രീ.ഹരി.എം.എ. എന്നിവരുടെ അപേക്ഷകൾ.
3) ഈ ആഫീസിലെ **21/07/2022-ലെ മേൽ നമ്പർ ഉത്തരവ്.**
4) ചുരുക്കപ്പട്ടികയെ സംബന്ധിച്ച് ലഭിച്ച പരാതി.

കോട്ടയം ഗ്രൂപ്പിലെ തിരുവാർപ്പ് ദേവസ്വത്തിലെ പുറപ്പെടാ മേൽശാന്തിയായി നിയമിക്കപ്പെടുന്നതിന് കോട്ടയം ജില്ലയിലെ കുമാരനല്ലൂർ, കിടങ്ങൂർ, കാടമുറി, ഓണംതുരുത്ത് എന്നീ 4 ഗ്രാമങ്ങളിൽ താമസിക്കുന്ന യോഗ്യരായ മലയാള ബ്രാഹ്മണരിൽ നിന്നും അപേക്ഷ ക്ഷണിച്ചു (സൂചന 1).

ആയതിൻപ്രകാരം 3 അപേക്ഷകൾ ലഭിച്ചു (സൂചന 2). ടി 3 പേരെ ഉൾപ്പെടുത്തി പ്രാഥമിക ചുരുക്ക പട്ടിക പ്രസിദ്ധീകരിച്ചു. സൂചന (3). തുടർന്ന് സൂക്ഷ്മ പരിശോധന നടത്തിയതിൽ ശ്രീ.സുജിത്ത് നമ്പൂതിരിയുടെ പേരിൽ സൂചന (4) പ്രകാരം പരാതി ലഭിക്കുകയും ആയതിലെ വസ്തുതകൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ടിയാന്റെ അപേക്ഷ നിരസിക്കുന്നതിന് തീരുമാനിക്കുന്നു.

രണ്ട് മേൽശാന്തി ലാവണത്തിലേയ്ക്ക് രണ്ട് അപേക്ഷകർ മാത്രം അവശേഷിക്കുന്നതിനാൽ ഇന്റർവ്യൂ, നറുക്കെടുപ്പ് എന്നിവ ഒഴിവാക്കി ടി ആളുകൾക്ക് നിയമനം നൽകുന്നതിന് തീരുമാനിക്കുന്നു.

മേൽ സാഹചര്യത്തിൽ കോട്ടയം ഗ്രൂപ്പിലെ തിരുവാർപ്പ് ദേവസ്വത്തിൽ **2022-23 (1198** ചിങ്ങം 1 മുതൽ കർക്കിടകം 31) കാലയളവിലേയ്ക്ക് ശ്രീ.വേണു.ജി. നമ്പൂതിരി കല്ലംമ്പള്ളി ഇല്ലം. പരിയാരം, ശ്രീ.ഹരി.എം.എ. മുളവേലിപ്പുറത്ത് ഇല്ലം. ചെമ്പിളാവ് എന്നിവരെ മേൽശാന്തിമാരായി (പുറപ്പെടാ ശാന്തി) നിയമിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്

1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, വൈക്കം
3) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കോട്ടയം
4) ശ്രീ.സുജിത്ത് നമ്പൂതിരി, മുട്ടത്തുമന, ആർപ്പൂക്കര, കോട്ടയം
5) ശ്രീ.വേണു.ജി.നമ്പൂതിരി, കല്ലമ്പള്ളി ഇല്ലം, പരിയാരം പി.ഒ., കോട്ടയം
6) ശ്രീ.ശ്രീഹരി.എം.എ. മുളവേലിപ്പുറത്ത് ഇല്ലം. ചെമ്പിളാവ്.പി.ഒ., കോട്ടയം
7) സെക്ഷൻ ഫയൽ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)